# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 526** — **01.12.2015 ൽ മറുപടിയ്ക്ക്**

## കൊച്ചി മെഡിക്കൽ കോളേജിനായി ചെലവഴിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിന്റെ ഫണ്ടിൽ നിന്നും എത്ര തുക ചെലവാക്കി; പ്രസ്തുത തുക നൽകിയത് കേപ്പിന്റെ അറ്റാദായത്തിൽ നിന്നോ ഓവർഡ്രാഫ്റ്റ് എടുത്താണോ; വിശദാംശം നൽകുമോ; | (എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിന്റെ ഫണ്ടിൽ നിന്നും 13.18 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 13,18,45,161 കോടി രൂപ കേപ്പിന്റെ കൈവശമുള്ള തുകയിൽ നിന്നാണ് കൊടുത്തത്. |
| (ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം പ്രസ്തുത കോളേജിന്റെ ചെലവുകൾക്കായി കേപ്പിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 14.05.2014, 05.03.2015 എന്നീ തീയതികളിൽ കൂടിയ ഉന്നതതല യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേപ്പിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) തുക ചെലവഴിച്ച കേപ്പ് ഡയറക്ടറുടെ നടപടി ക്രമവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ ? | (സി) ഉണ്ട്. ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ